(1)	(2)	(3)	(4)	(5)	(6)	(7)
വയനാട്	14	13	1	–	–	28
കണ്ണൂർ	2	–	12	–	–	14
കാസർഗോഡ്	29	79	18	–	–	126
ആകെ	336	160	64	3	42	605

(ബി) ഗ്രാമീണ സ്കൂൾ ശുദ്ധജല വിതരണ പദ്ധതികൾക്ക് പ്രത്യേകമായി നടപ്പുവർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ല.

(സി) വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നടപ്പിലാക്കിയ ഗ്രാമീണസ്കൂൾ ശുദ്ധജല വിതരണ പദ്ധതികളുടെ താലൂക്ക്തല വിശദാംശം താഴെ ചേർക്കുന്നു.

2007-08	സുൽത്താൻ ബത്തേരി	4
	മാനന്തവാടി	9
2008-09	സുൽത്താൻ ബത്തേരി	1
2009-10		ഇല്ല.

(ഡി) വയനാട് ജില്ലയിൽ നടപ്പുവർഷം ഗ്രാമീണസ്കൂൾ ശുദ്ധജല വിതരണ പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല.

മുടങ്ങിക്കിടന്ന ഗ്രാമീണ ശുദ്ധജല പദ്ധതി

147 (5037) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശം ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ മുടങ്ങിക്കിടക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവൃത്തികൾക്കായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ നടപ്പിലാക്കിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ? ..

ഉത്തരം

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾക്കായി വയനാട് ജില്ലയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.*

കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

148 (5038) ശ്രീ. കെ.ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി ഉൾപ്പെടെ വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ശുദ്ധജല വിതരണ രംഗത്ത് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

നബാർഡിന്റെ ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ (സ്പാൻ) സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി പദ്ധതി ഘടകങ്ങൾ യുക്തമായ രീതിയിൽ പാക്കേജുകളാക്കി, 1.5 കോടിയിൽ കൂടുതൽ അടങ്കൽ തുകയുള്ളവ ടെണ്ടർ ചെയ്യുന്നതിന് ഇ-ടെണ്ടർ സംവിധാനം സ്വീകരിച്ചു. ടെണ്ടറുകൾ വേഗം തീർപ്പാക്കുന്നതിന് അതോറിറ്റി മേഖലാ ചീഫ് എഞ്ചിനീയർ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും വകുപ്പുതലത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നബാർഡ് (സ്പാൻ) പദ്ധതികളിൽ നടപ്പിലാക്കിയതുപോലെയുള്ള ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാര്യത്തിൽ ചീഫ് എഞ്ചിനീയർമാർ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, ബോർഡ് എന്നിവ കൂടാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly